പരിഹാര പാക്കേജാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം മേഖലാ ഫിഷറീസ് ഡയറക്ടറുടെ Special TSB A/c-ൽ നിക്ഷേപിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുള്ള തുകയായ 68,76,610 രൂപ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്കെതിരെ ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ച് വരികയാണ്. ഇത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ, എറണാകുളത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 689 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായവർ. 2,05,39,735 രൂപയാണ് ആകെ നഷ്ടപരിഹാരത്തുക.

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി

140 (2009) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു ; വ്യക്തമാക്കാമോ ;

(സി) ഈ വ്യവസ്ഥകൾ എല്ലാം തന്നെ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇതുവരെ പാലിക്കപ്പെടാത്ത വ്യവസ്ഥകൾ ഏതൊക്കെയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്തെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധത്തിൽ കാണാവുന്നതാണ്.

(സി) വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly